**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഡീസലിന്റെയും പെട്രോളിന്റെയും സംസ്ഥാന നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. അൻവർ സാദത്ത് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിൽക്കുന്ന ഡീസലിനും പെട്രോളിനും ലിറ്ററിന് സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതി എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം നികുതിയാണ് ഉള്ളത്. കൂടാതെ പെട്രോളിനും ഡീസലിനും പ്രതിലിറ്ററിന് ഒരു രൂപാ നിരക്കിൽ അധിക വില്പന നികുതിയും, വില്പന നികുതി, അധിക വില്പന നികുതി എന്നിവയുടെ 1% എന്ന നിരക്കിൽ സെസ്സും ഈടാക്കുന്നുണ്ട്. |
| (ബി) | നടപ്പ സാമ്പത്തിക വർഷം നാളിതുവരെ ഡീസലിന്റെയും പെട്രോളിന്റേയും വില വർദ്ധനമൂലം സംസ്ഥാന സർക്കാരിന് നികുതിയിനത്തിൽ ലഭിച്ച അധിക തുകയെത്രയെന്ന് വിശദമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷം ജൂൺ മാസം വരെ പെട്രോളിന് 19.64 കോടി രൂപയും ഡീസലിന് 22.56 കോടി രൂപയും അധിക നികുതി വരുമാനമായി ലഭിച്ചു. |
| (സി) | കോവിഡ് പ്രതിസന്ധി മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി ഡീസലിന്റെയും പെട്രോളിന്റെയും നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും, കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 31-05-2018-ലെ എസ്.ആർ.ഒ. നം.345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08%-ഉം ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01-06-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പല തവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്. |

സെക്ഷൻ ഓഫീസർ